ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ വിവിധ ഗ്രാമ വികസന പദ്ധതികളിലൂടെ ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ 2002-2003 കാലയളവിൽ 572.98 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 73.30 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന 2002-2003 വർഷത്തിൽ ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന വിവരം ശേഖരിച്ച് വരുന്നു.

(ബി) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, ജില്ലാതല ഗ്രാമവികസന ഏജൻസികൾ എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിയത്.

**പഴം സംസ്ക്കരണ പരീശീലന കേന്ദ്രങ്ങൾ**

137 (2269) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പിന്റെ കീഴിൽ എത്ര പഴം സംസ്ക്കരണ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവൃത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ കേന്ദ്രങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഈ പരിശീലനകേന്ദ്രങ്ങളിൽ പരിശീലനത്തിന് എത്തുന്ന വനിതകൾക്ക് താമസിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയ എത്ര കേന്ദ്രങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ കേന്ദ്രങ്ങളിൽ പരിശീലനം നൽകുവാനും ഭരണനിർവ്വഹണം നിയന്ത്രിക്കാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ തസ്തികകൾ അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യസംസ്ക്കരണത്തിന് ബാലുശ്ശേരിയിൽ ഒരു കേന്ദ്രം ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പഴം സംസ്ക്കരണ പരിശീലനവും നടക്കുന്നുണ്ട്.

(ബി) ഭക്ഷ്യ സംസ്ക്കരണ പോഷകാഹാരകേന്ദ്രം, ബാലുശ്ശേരി.

(സി) ബാലുശ്ശേരി ഭക്ഷ്യസംസ്ക്കരണ പോഷകാഹാര കേന്ദ്രത്തിൽ ഹോസ്റ്റൽ സൗകര്യം ഉണ്ട്.

(ഡി) ബാലുശ്ശേരി ഭക്ഷ്യസംസ്ക്കരണ കേന്ദ്രത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly